"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. എ നൗഷാദ് നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.276/2026/GAD തീയതി,തിരുവനന്തപുരം, 19-01-2026

പരാമർശം:- 25.11.2025 - ലെ സ.ഉ(സാധാ)നം. 5093/2025/പൊ.ഭ.വ.

**ഉത്തരവ്**

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ ഡയറക്ടർ (ഫിനാൻസ്) തസ്തികയിലെ അന്യത്രസേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് ശ്രീ. എ നൗഷാദ്, ജോയിന്റ് സെക്രട്ടറി, 15/11/2025 പൂർവാഹ്നത്തിൽ ധനകാര്യ വകുപ്പിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് പരാമർശ ഉത്തരവ് പ്രകാരം അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ധനകാര്യ വകുപ്പിൽ നിയമിക്കുകയുണ്ടായി. തുടർന്ന് ശ്രീ. എ നൗഷാദ് നിയമനത്തിനായി കാത്തു നിന്ന കാലയളവ് ക്രമീകരിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പ് ലഭ്യമാക്കിയിരുന്നു.

(2). സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ. നൗഷാദ് എ, (പെൻ - 100421) അന്യത്രസേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് ധനകാര്യ വകുപ്പിൽ തിരികെ വന്നതു മുതൽ അഡീഷണൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ചതിനെ തുടർന്ന് ധനകാര്യ വകുപ്പിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നതു വരെ, ജോയിന്റ് സെക്രട്ടറി തസ്തികയിൽ നിയമനത്തിനായി കാത്തുനിൽക്കേണ്ടിവന്ന 15/11/2025 പൂർവാഹ്നം മുതൽ 25/11/2025 അപരാഹ്നം വരെയുള്ള കാലയളവ് കേഡറിൽ ഒഴിവു ഉണ്ടായിരുന്ന സാഹചര്യത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1, ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീ. എ. നൗഷാദ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (ധനകാര്യ വകുപ്പ് മുഖേന).
ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 19-01-2026 17:12:18